കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ, തോന്നയ്ക്കൽ
# 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്


ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

Email: lfadtvm@yahoo.in

നം: കെ.എസ്.എ/റ്റി.വി.എം/മിസ്.1-1101/2020 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം-695001.
Phone No: 0471-2331231
Email: lfadtvm@yahoo.in

തീയതി: 16-11-2020

ജോയിന്റ് ഡയറക്ടർ.

ചെയർമാൻ,

കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ,

തോന്നയ്ക്കൽ തിരുവനന്തപുരം.

സർ,

വിഷയം : കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ, തോന്നയ്ക്കൽ, തിരുവനന്തപുരത്തിന്റെ 2019-20 വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

*****

കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ, തോന്നയ്ക്കൽ, തിരുവനന്തപുരത്തിന്റെ 2019-20 വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് അനന്തരനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ.

<u>പകർപ്പ്</u>

1. സെക്രട്ടറി, സാംസ്കാരിക വകുപ്പ് (ഉപരിപത്രം സഹിതം)

2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

3. ഓഫീസ് കോപ്പി.

നം: കെ.എസ്.എ/റ്റി.വി.എം./ മിസ്.1-1101/2020 തീയതി: 16-11-2020

കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ, തോന്നയ്ക്കൽ, തിരുവനന്തപുരത്തിന്റെ 2019-20 വർഷത്തെ വരവ്/ ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*****

| | |
|---|---|
| ഓഡിറ്റ് ചെയ്യാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും തസ്തികയും | ശ്രീ.എ.മുഹമ്മദ് നിസാർ (ജോയിന്റ് ഡയറക്ടർ) |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി വാലന്റീന.എം (ഓഡിറ്റ് ഓഫീസർ) |
| | ശ്രീ.സുജേഷ്. എസ്. (സീനിയർ ഗ്രേഡ് ഓഡിറ്റർ) |
| | ശ്രീ.ശ്യാംകുമാർ. എസ്.ബി (ഓഡിറ്റർ) |
| ഓഡിറ്റ് തീയതി | 14-10-2020 മുതൽ 16-10-2020 വരെ |

നിർവ്വഹണാധികാരികൾ

| | |
|---|---|
| ചെയർമാൻ | പ്രൊഫ.വി.മധുസൂദനൻ നായർ<br>(01-04-2019 മുതൽ 31-03-2020 വരെ) |
| സെക്രട്ടറി | പ്രൊഫ.അയിലം ഉണ്ണികൃഷ്ണൻ<br>(01-04-2019 മുതൽ 31-03-2020 വരെ) |
| ഡയറക്ടർ | ശ്രീ.സദാശിവൻ നായർ<br>(01-04-2019 മുതൽ 31-03-2020 വരെ) |
| ട്രഷറർ<br>(ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ- പോത്തൻകോട് ബ്ലോക്ക്) | ശ്രീമതി സജിന സത്താർ<br>(01-04-2019 മുതൽ 20-06-2019 വരെ)<br>ശ്രീ.എൽ.ലെനിൻ<br>(20-06-2019 മുതൽ 30-09-2019 വരെ)<br>ശ്രീ.ഷറഫുദ്ദീൻ (ഇൻ- ചാർജ്ജ്)<br>(01-10-2019 മുതൽ 09-10-2019 വരെ)<br>ശ്രീമതി ജി.ഷൈനി<br>(10-10-2019 മുതൽ 31-03-2020 വരെ) |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ആമുഖം

മഹാകവി കുമാരനാശാൻ ഉയർത്തിപ്പിടിച്ച മാനുഷിക മൂല്യങ്ങളും ജീവിത ശൈലിയും കർമ്മ സിദ്ധാന്തങ്ങളും പ്രചരിപ്പിക്കുക, ആശാൻ സാഹിത്യത്തെ സമഗ്ര പഠനത്തിനും മൂല്യ നിർണ്ണയത്തിനും വിധേയമാക്കുകയും പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്യുക തുടങ്ങിയ ലക്ഷ്യങ്ങളോടെ 1958 ൽ ആണ് ആശാൻ സ്മാരകം സ്ഥാപിതം ആയത്.

പ്രസ്തുത സ്ഥാപനം 1999 ൽ കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ ആയി ഉയർത്തപ്പെട്ടു. ആശാൻ മ്യൂസിയം, ചുമർ ചിത്രകലാമ്യൂസിയം, ഗവേഷണ കേന്ദ്രം എന്നിവ എന്നിവ സ്മാരകത്തിന്റെ ഭാഗമാണ്.

വിവിധ ഇൻഡ്യൻ സാംസ്കാരിക ധാരകളെക്കുറിച്ച് സർവ്വകലാശാല നിലവാരത്തിൽ പഠന പരിപാടികളും ഗവേഷണങ്ങളും സംഘടിപ്പിക്കുക, ബിരുദാനന്തര ബിരുദ പഠനത്തിനും ഗവേഷണ ബിരുദ പഠനത്തിനുമുള്ള കോഴ്സുകൾ നടത്തുക, സ്കൂൾതലം മുതൽ കലകൾക്കും സാംസ്കാരിക മൂല്യങ്ങൾക്കും പൈതൃക പഠനത്തിനും പ്രാധാന്യം നൽകുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായം ആവിഷ്കരിക്കുകയും ഒരു മാതൃകാ വിദ്യാലയം സ്ഥാപിക്കുകയും ചെയ്യുക എന്നിവയും സ്ഥാപനത്തിന്റെ പ്രവർത്തനലക്ഷ്യങ്ങളാണ്.

## 1-2 ബജറ്റ് തയ്യാറാക്കുന്നതിലെ അപാകത.

ബജറ്റിന്റെയും വരവ് ചെലവ് പത്രികയുടെയും പരിശോധനയിൽ കണ്ടെത്തിയ അപാതകൾ ചുവടെ ചേർക്കുന്നു

### 1-2-1 ബജറ്റിലെയും വരവ് ചെലവ് പത്രികയിലെയും തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

മുന്നിരിപ്പ് ഉൾപ്പെടെ 295847000/- രൂപയുടെ വരവും 295165000/- രൂപയുടെ ചെലവും പ്രതീക്ഷിക്കുന്ന 2019-20 വർഷത്തെ ബജറ്റ് 03-03-2019 ൽ കൂടിയ ഭരണ സമിതിയോഗം I -ാം നമ്പരായി അംഗീകരിച്ചു. വരവ് ചെലവ് പത്രിക പ്രകാരമുള്ള വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) 12895471/- രൂപയും ചെലവ് 10017315/- രൂപയുമാണ്. ബജറ്റ പ്രകാരമുള്ള പ്രതീക്ഷിത വരവു ചെലവു തുകകളും യഥാർത്ഥ കണക്കുകളും തമ്മിൽ സാരമായ അന്തരം നിലനിൽക്കുന്നു.

ചുവടെപ്പറയുന്ന ഇനങ്ങൾ ബജറ്റിൽ പ്രതീക്ഷിത വരവായി ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഈയിനത്തിൽ തൻവർഷം വരവില്ല. സമാനമായ അപാകം 2018-19 വർഷ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-2 ലും ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

| ഇനം | ബജറ്റ് പ്രകാരം വകയിരുത്തിയ തുക |
|---|---:|
| ജില്ല പഞ്ചായത്ത് ധനസഹായം | 15,00,000/- |
| ബ്ലോക്ക് പഞ്ചായത്ത് ധനസഹായം | 10,00,000/- |
| ഗ്രാമപഞ്ചായത്ത് ധനസഹായം | 5,00,000/- |
| എം.എൽ.എ. വികസന ഫണ്ട് | 1,00,00,000/- |
| എം.പി.വികസന ഫണ്ട് | 25,00,000/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 03/15-10-2020) വരും വർഷങ്ങളിൽ മേൽ അപാകത വരാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

### 1-2-2 ബജറ്റ് വിഹിതത്തിൽ അധികരിച്ച് തുക ചെലവ് ചെയ്യുന്നു.

കാവ്യശിൽപ്പ നിർമ്മാണത്തിനായി ബജറ്റിൽ 10 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ 17,64,538/- രൂപ ഈ ഇനത്തിൽ ചെലവഴിച്ചിരിക്കുന്നു.

വകയിരുത്തിയതിൽ അധികമായി ചെലവ് ചെയ്തതിന് സപ്ലിമെന്ററി ബജറ്റ് പാസ്സാക്കിയിട്ടില്ല.

വരും വർഷങ്ങളിൽ യാഥർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാനും ബജറ്റ് വകയിരുത്തൽ/അധികരിച്ച് തുക ചെലവ് ചെയ്യൽ എന്നിവ സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

### 1-3 തുക ചെലവഴിക്കൽ -സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

സ്ഥാപനത്തിൽ ഓരോ മാസത്തെയും ചെലവിന് ആവശ്യമായ തുക ട്രഷറി/ബാങ്കിൽ നിന്നും പിൻവലിച്ച് കൈവശം വച്ച ശേഷം പ്രതിദിന ചെലവുകൾ നടത്തുന്ന രീതിയാണ് അനുവർത്തിച്ച് പോരുന്നത്. ഓരോ ചെലവിനും ക്യാഷായി തുക പിൻവലിക്കുന്നതും ചെലവഴിക്കുന്നതും അംഗീകരിക്കാനാവില്ല. 1000/- രൂപയിൽ അധികമുള്ള ചെലവുകൾ, ഡി.ഡി, ചെക്ക്/ ഓൺലൈൻ ട്രാൻസ്ഫർ മുഖേന നടപ്പാക്കേണ്ടതാണ്. വരും വർഷങ്ങളിൽ സർക്കാർ നിഷ്കർഷിക്കും പ്രകാരം മാത്രം തുക ചെലവ് ചെയ്യേണ്ടതാണ്.

### 1-4 ബൈലാ രൂപീകരണം - തുടർപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം

G.O (MS) No. 204/66/Edn തീയതി 30.04.1966-ാംനമ്പർ ഉത്തരവിലെ സെക്ഷൻ 6 (i) ൽ ഭരണസമിതിയ്ക്ക് ബൈലാ രൂപീകരിക്കുന്നതിനുള്ള അധികാരം ഉണ്ട് എന്ന് വ്യക്തമാക്കുന്നുണ്ട്. ബൈലാ രൂപീകരണം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ പുതുക്കിയ കരട് ബൈലായുടെ പകർപ്പുകൾ ഭരണസമിതി അംഗങ്ങളുടെ പരിശോധനയ്ക്കും അഭിപ്രായത്തിനുമായി 27-06-2017 ൽ കൂടിയ മാനേജിംഗ് കമ്മിറ്റിയുടെ 5ാം നമ്പർ തീരുമാനപ്രകാരം അയച്ചുനൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായും ബൈലാ രൂപീകരിച്ചിട്ടില്ല. ബൈലാ രൂപീകരണത്തിലെ കാലതാമസം സംബന്ധിച്ച് 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും (ഖണ്ഡിക 1-3) പരാമർശമുണ്ട്. സ്ഥാപനത്തിന്റെ പ്രവർത്തനം വ്യവസ്ഥാപിതമാകുന്നതിനും ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നതിനും ബൈലാ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത നിലനിൽക്കുന്നു. ആയതിനാൽ ബൈലാ രൂപീകരണത്തിനുള്ള തുടർപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഗ്രാന്റ് വരവ്

എ) സർക്കാർ ഗ്രാന്റ്

| ക്രമ നം | ഗ്രാന്റ് അനുവദിച്ച ഉത്തരവ് | ഗ്രാന്റ് തുക | ക്രെഡിറ്റ് ചെയ്ത തീയതി (ട്രഷറി അക്കൗണ്ട് നമ്പർ 799011400000300) |
|---|---|---|---|
| 1 | എ1/2807/19/സാം.വ തീയതി 10.06.2019 | 10,00,000 | 19-06-2019 |
| 2 | എ1/3963/19/സാം.വ തീയതി 17.07.2019 | 7,00,000 | 10-10-2019 |
| 3 | എ1/3963/19 സാം.വ തീയതി 05.11.2019 | 4,00,000 | 20-11-2019 |
| 4 | എ1/3963/19 സാം.വ തീയതി 04.12.2019 | 4,00,000 | 16-12-2019 |
| | ആകെ | 25,00,000 | |

ബി) ലൈബ്രറി കൗൺസിൽ ഗ്രാന്റ്

| ക്രമനം | വിശദാംശം | തുക | അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തീയതി (അക്കൗണ്ട് നമ്പർ) |
|---|---|---|---|
| 1 | ചെക്ക് നമ്പർ 267345 തീയതി 27-03-19 | 15,600 | 09-04-2019 (ഡി.സി.ബി അക്കൗണ്ട് നമ്പർ 020641200400001) |
| 2 | ചെക്ക് നമ്പർ 267434 തീയതി 09-05-19 | 31,400 | 03-06-2019 (ഡി.സി.ബി അക്കൗണ്ട് നമ്പർ 020641200400001) |
| 3 | ചെക്ക് നമ്പർ 267541 തീയതി 07-06-19 | 11,000 | 24-06-2019 (ഡി.സി.ബി അക്കൗണ്ട് നമ്പർ 020641200400001) |
| 4 | ചെക്ക് നമ്പർ 267693 തീയതി 02-09-19 | 1,750 | 09-09-2019 (ഡി.സി.ബ് അക്കൗണ്ട് നമ്പർ 020641200430945) |
| 5 | ചെക്ക് നമ്പർ 267831 തീയതി 14-01-2020 | 15,600 | 24-01-2020 (ഡി.സി.ബി അക്കൗണ്ട് നമ്പർ 020641200400001) |
| | ആകെ | 75,350 | |

## 2-2 ചെക്ക് കൈപ്പറ്റുന്ന തീയതിയിൽ ക്യാഷ് ബുക്കിൽ വരവ് വെയ്ക്കുന്നില്ല

സ്ഥാപനത്തിൽ ലഭിക്കുന്ന ചെക്ക് തുകകൾ അന്നേ ദിവസം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തൽ വരുത്താതെ എൻക്യാഷ് ചെയ്യപ്പെടുന്ന ദിവസം മാത്രമാണ് ക്യാഷ്ബുക്കിൽ വരവായി രേഖപ്പെടുത്തുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിശദാംശം | തുക | സ്ഥാപനത്തിൽ ലഭിച്ച തീയതി | ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയ തീയതി |
|---|---|---|---|---|
| 1 | ചെക്ക് നമ്പർ 267345 തീയതി 27-03-19 | 15,600 | 01-04-19 | 10-04-19 |
| 2 | ചെക്ക് നമ്പർ 267434 തീയതി 09-05-19 | 31,400 | 28-05-19 | 06-06-19 |
| 3 | ചെക്ക് നമ്പർ 267541 തീയതി 07-06-19 | 11,000 | 13-06-19 | 24-06-19 |
| 4 | ചെക്ക് നമ്പർ 267693 തീയതി 02-09-19 | 1,750 | 06-09-19 | 16-09-19 |
| 5 | ചെക്ക് നമ്പർ 267831 തീയതി 14-01-20 | 15,600 | 22-01-20 | 27-01-20 |

മേൽ അപാകത 2018-19 വർഷ ഓഡിറ്റ് റിപ്പോർട്ടിലും ഖണ്ഡിക 1-4 ൽ പരാമർശിച്ചിട്ടുണ്ടെങ്കിലും തൻവർഷവും ഇത് ആവർത്തിച്ചിരിക്കുന്നു. തുടർവർഷങ്ങളിൽ ചെക്ക് ലഭിക്കുന്ന തീയതികളിൽ തന്നെ ക്യാഷ് ബുക്കിൽ വരവ് രേഖപ്പെടുത്തേണ്ടതും മാസാന്ത്യ, വർഷാന്ത്യ റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്.

### 2-3 പുസ്തകവില്പന -വരവ് തുക കുറവായി അടവ് വരുത്തി

രസീത് നം. 23464 /30-5-2019 പ്രകാരം പുസ്തകവില്പനയിനത്തിൽ ലഭിച്ച വരവ് 1000/- രൂപയാണ്. എന്നാൽ 850/-രൂപ എന്ന് കളക്ഷൻ രജിസ്റ്ററിൽ ചേർക്കുകയും, ബാങ്കിൽ അടവാക്കുകയും ചെയ്തു. കുറവായി അടവ് വരുത്തിയ 150/-രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കാവ്യശിൽപ്പ നിർമ്മാണം പൂർത്തിയായില്ല

ആശാൻ സ്മാരകത്തിൽ ശിൽപ്പി ശ്രീ.കാനായി കുഞ്ഞിരാമൻ നിർമ്മിക്കുന്ന കാവ്യശിൽപ്പങ്ങളുടെ നിർമ്മാണത്തിനായി നാളിതുവരെ ചുവടെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | സാമ്പത്തിക വർഷം | ചെലവായ തുക |
|---|---|---|
| 1 | 1999-2000 | 2,400 |
| 2 | 2000-2001 | 3,73,179 |
| 3 | 2001-2002 | 83,807 |
| 4 | 2005-2006 | 5,00,139 |
| 5 | 2006-2007 | 9,97,362 |
| 6 | 2007-2008 | 3,37,663 |
| 7 | 2008-2009 | 2,27,957 |
| 8 | 2009-2010 | 3,91,722 |
| 9 | 2010-2011 | 3,09,757 |
| 10 | 2011-2012 | 7,05,418 |
| 11 | 2017-2018 | 1,74,005 |
| 12 | 2018-2019 | 18,65,234 |
| 13 | 2019-2020 | 17,64,538 |
| | ആകെ | 77,33,181 |

കാവ്യശിൽപ്പ നിർമ്മാണവുമായി ബന്ധപ്പെട്ട് ശിൽപ്പിയുമായി ഒരു കരാറിൽ ഏർപ്പെടാതെയാണ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടത്. വിവിധ കാരണങ്ങളാൽ വർഷങ്ങളോളം ശിൽപ്പ നിർമ്മാണം നിലച്ചിട്ടുണ്ട്. ഇതിന്മേലുള്ള തുടർനടപടി വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/15-10-2020) നിലവിലെ മാനേജിംഗ് കമ്മിറ്റിയുടെ ശ്രമഫലമായി നിർമ്മാണം പുനരാരംഭിച്ചു എന്നും നിലവിൽ കോവിഡ് വ്യാപനം

നിമിത്തം പ്രവൃത്തികൾ നടത്താൻ സാധിക്കാത്ത സാഹചര്യം ആണെന്നും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ അറിയിച്ചു. ക്രിയേറ്റീവ് ആയ വർക്ക് ആയതിനാൽ പൂർത്തീകരണ സമയം ശിൽപ്പി വ്യക്തമാക്കുന്നില്ലെന്നും എന്തായാലും 2021 ജനവരി 17 ന് പൂർത്തിയാക്കുന്നതാണെന്നും മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. നിയമാനുസൃത നടപടി ക്രമങ്ങൾ പാലിക്കാതെ പ്രവൃത്തി നിർമാണം ആരംഭിച്ചത് സ്ഥാപനത്തിന്റെ ഭാഗത്തു നിന്നും വന്ന വീഴ്ചയായി കണക്കാക്കുന്നു. ശിൽപ്പ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്ഥാപനം സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-2 ലൈബ്രറി കമ്പ്യൂട്ടറൈസേഷൻ പൂർത്തിയായില്ല

സ്ഥാപനത്തിന്റെ ഭാഗമായ ലൈബ്രറിയിൽ പുസ്തകശേഖരം, ബാർ കോഡിംഗ് കാറ്റലോഗ്, അംഗങ്ങളുടെ വിശദാംശം, പുസ്തകങ്ങളുടെ വിതരണം, മടക്കി വാങ്ങൽ, അറിയിപ്പ് നൽകൽ, പിഴ കണക്കാക്കൽ എന്നിവ കമ്പ്യൂട്ടർവൽക്കരിക്കുന്നതിലേക്കായി MS/- ഗ്രന്ഥ അസോസിയേറ്റ്സ്, പത്തനംതിട്ട എന്ന സ്ഥാപനത്തിന് ചുവടെപ്പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| ക്രമ നം | വർഷം | തുക |
|---|---|---|
| 1 | 2017-18 | 40000 |
| 2 | 2018-19 | 95000 |
| 3 | 2019-20 | 118763 |
| | ആകെ | 253763 |

സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ല. 16-10-2020 ന് നടത്തിയ സ്ഥലപരിശോധനയിൽ പുസ്തകശേഖരത്തിന്റെ വിശദാശങ്ങൾ ഡാറ്റാ എൻട്രി വരുത്തി, ബാർകോഡിംഗ് നടത്തുക മാത്രമാണ് നാളിതുവരെ നടത്തിയിട്ടുള്ളതെന്ന് കാണുന്നു. ലൈബ്രറി കമ്പ്യൂട്ടറൈസേഷന് സ്ഥാപനം സ്വീകരിച്ച തുടർ നടപടികൾ, MS/- ഗ്രന്ഥ അസോസിയേറ്റ്സ്, പത്തനംതിട്ട എന്ന സ്ഥാപനവുമായി നടത്തിയ കത്തിടപാടുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 06/16-10-2020) ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ ലൈബ്രറിയിലെ ബാർകോഡ് റീഡർ പ്രവർത്തന രഹിതമാണെന്നും പുതിയ ബാർകോഡ് റീഡർ വാങ്ങി, ജീവനക്കാർക്ക് വിദഗ്ധ പരിശീലനം നൽകി ലൈബ്രറിയിലെ പ്രവർത്തനങ്ങൾ (പുസ്തക വിതരണം, മടക്കി വാങ്ങൽ) എല്ലാം തന്നെ കമ്പ്യൂട്ടറൈസ്ഡ് ആയി നടപ്പിലാക്കുന്നതാണെന്നും വിശദീകരിച്ചിരിക്കുന്നു. ലൈബ്രറി പ്രവർത്തനങ്ങളുടെ കമ്പ്യൂട്ടറൈസേഷൻ എത്രയും പെട്ടെന്ന് പൂർത്തീകരിക്കാൻ സ്ഥാപനം നടപടി സ്വീകരിക്കേണ്ടതും പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-3 വസ്തുകൈയേറ്റ സംരക്ഷണം - പ്രവൃത്തി നിർവഹണത്തിന് നടപടിക്രമങ്ങൾ പാലിച്ചില്ല

സർക്കാർ സ്വകാര്യ വ്യക്തികളിൽ നിന്നും അക്വയർ ചെയ്തു നൽകിയിട്ടുള്ളതും സ്ഥാപനത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന് സമീപം NH നോട് ചേർന്നുള്ളതുമായ 60 സെന്റോളം വസ്തുവിന്റെ അതിർത്തി സംരക്ഷണം നടത്തുന്ന പ്രവൃത്തികൾക്കായി 1,93,650/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ഓരോ മാസത്തെയും വിവിധ വൗച്ചറുകൾ പ്രകാരം മുള്ളുവേലി കെട്ടൽ, ജെ സി ബി വാടക, ഗേറ്റ് നിർമാണം എന്നീ പ്രവൃത്തികൾ നിർവഹിക്കുന്നതിനായാണ് തുക ചെലവഴിച്ചിരിക്കുന്നത്. മരാമത്ത് ചട്ടങ്ങൾ പാലിച്ചുകൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ നടപടികളിലൂടെ പ്രവൃത്തി നിർവഹിക്കേണ്ടിയിരുന്നുവെങ്കിലും അപ്രകാരം പ്രവൃത്തി നിർവഹിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തി നിർവഹണം സംബന്ധിച്ച് ഒരു പ്രത്യേക ഫയൽ സൂക്ഷിച്ചിട്ടുമില്ല. ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2/15-10-2020 ) ആശാൻ

കുടിലുകൾക്ക് പിന്നിലുള്ള മൂന്നേക്കർ വസ്തുവിന്റെ ഉടമയായ മാർബിൾ വ്യവസായിയുടെ സ്ഥലത്തേയ്ക്ക് വരുന്ന ട്രക്കുകൾ പലപ്പോഴും പഴയ ദേശീയ പാതയോട് ചേർന്നുള്ള ആശാൻ സ്മാരക വക വസ്തുവിലാണ് പാർക്ക് ചെയ്യുന്നതെന്നും നിർമാണപ്രവർത്തനങ്ങൾക്ക് കൊണ്ടുവരുന്ന സാധനങ്ങൾ ആശാൻ സ്മാരക വക വസ്തുവിലാണ് ഇറക്കിയിട്ടിരുന്നതെന്നും മേൽ ഉപദ്രവങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിലാണ് വസ്തുവിന് സംരക്ഷണ വേലി നിർമിച്ചതെന്നും അടിയന്തരമായി ചെയ്യേണ്ട പ്രവൃത്തിയായതിനാലാണ് മരാമത്ത് ചട്ടങ്ങൾ പാലിക്കാതെ പ്രവൃത്തി നിർവഹണം നടത്തിയതെന്നും മറുപടി ലഭ്യമാക്കി. ഭരണസമിതിയുടെ 8-6-2019 ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിർവഹിച്ച പ്രവൃത്തിയുടെ ആദ്യപേമെന്റ് നൽകിയിരിക്കുന്നത് 17-7-2019 ലാണ്. പ്രവൃത്തി നടപ്പിലാക്കുന്നതിന് മതിയായ സാവകാശം കിട്ടിയിട്ടും പ്രവൃത്തി നിർവ്വഹിക്കുന്നതിന് പൊതുമരാമത്ത് ചട്ടങ്ങൾ പാലിച്ചിട്ടില്ല.

സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് രൂപീകരിച്ചിട്ടുള്ള G.O.(M.S)No. 204/66/Edn തീയതി 30.04.1966-ാംനമ്പർ ഉത്തരവ്, സെക്ഷൻ 6 ( iv) ൽ പെറ്റി കൺസ്ട്രക്ഷൻ, റിപ്പയിറിംഗ് വർക്കുകൾക്കായി പരമാവധി ചെലവഴിക്കാവുന്ന തുക 250/- രൂപയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിൽ കൂടുതൽ തുക ചെലവഴിക്കണമെങ്കിൽ സർക്കാറിന്റെ മുൻകൂർ അനുവാദം ആവശ്യമാണ്. പ്രസ്തുത പ്രവൃത്തി നിർവഹണത്തിന് സർക്കാറിന്റെ മുൻകൂർ അനുവാദമോ സാധൂകരണമോ തേടിയിട്ടില്ല. മേൽ വിഷയത്തിൽ സർക്കാറിന്റെയും സാംസ്കാരിക വകുപ്പിന്റെയും ശ്രദ്ധ പതിയേണ്ടതാണ്.

## 3-4 ആശാൻ കൃതികളുടെ അച്ചടി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല

മഹാകവി കുമാരനാശാന്റെ വിഖ്യാതപുസ്തകങ്ങളായ പുഷ്പവാടി, ദുരവസ്ഥ, കരുണ, ചണ്ഡാലഭിക്ഷുകി, വീണപൂവ്, നളിനി, ചിന്താവിഷ്ടയായ സീത, ലീല എന്നീ പുസ്തകങ്ങളുടെ 2000 കോപ്പികൾ വീതം അച്ചടിക്കാൻ തീരുമാനിക്കുകയുണ്ടായി (3-7-2018 ലെ നോട്ട് ഫയലിലെ രേഖപ്പെടുത്തൽ). എന്നാൽ ചിന്താവിഷ്ടയായ സീത, പ്രരോദനം എന്നീ പുസ്തകങ്ങളുടെ 1000 കോപ്പികൾ മാത്രമേ അച്ചടിക്കാൻ കഴിഞ്ഞിട്ടുള്ളൂ. (ചെലവ് തുക 78700/-രൂപ) സോളാർ ഓഫ്സെറ്റ് പ്രിന്റേഴ്സിനാണ് പുസ്തകങ്ങൾ പ്രിന്റ് ചെയ്യുതിനുള്ള തുക നൽകിയിരിക്കുന്നത്. എന്നാൽ സോളാർ ഓഫ്സെറ്റ് പ്രസിന് വർക്ക് ഓർഡർ നൽകുകയോ പ്രസുമായി എഗ്രിമെന്റിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല. മറ്റ് പുസ്തകങ്ങൾ നാളിതുവരെയായും പ്രസിദ്ധീകരിക്കാനും കഴിഞ്ഞിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/16-10-2020 )രണ്ട് പുസ്കങ്ങളുടെയും ശതാബ്ദി പതിപ്പാണ് പ്രസിദ്ധീകരിച്ചതെന്നും ഫണ്ടിന്റെ ലഭ്യതക്കുറവുമൂലമാണ് മറ്റുള്ള ആശാൻ കൃതികൾ പ്രസിദ്ധീകരിക്കരിക്കാൻ കാലതാമസം വന്നതെന്നും 27-05-2020 ൽ ചുമതലയേറ്റ പുതിയ മാനേജിംഗ് കമ്മിറ്റിയിലുള്ള അംഗമായ ഡോ. പി. വേണുഗോപാലനെ ടി പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിന്റെ ചുമതലയും ഏൽപ്പിച്ചിട്ടുണ്ടെന്നും കഴിവതും വേഗം ബാക്കി പുസ്തകങ്ങൾ സ്റ്റോർ പർച്ചെയ്സ് ചട്ടങ്ങൾ പാലിച്ചുകൊണ്ട് പ്രസിദ്ധീകരിക്കുന്നതാണെന്നും മറുപടി നൽകി. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സോളാർ ഓഫ്സെറ്റ് ഹാജരാക്കിയ ക്വട്ടേഷനിൽ ചിന്താവിഷ്ടയായ സീതയുടെ 2000 കോപ്പികൾക്ക് 27600/-രൂപ, (with lamination), 26000/-രൂപ (without lamination) എന്നീ വിധത്തിലാണ് തുക ക്വോട്ട് ചെയ്തെങ്കിലും ചിന്താവിഷ്ടയായ സീതയുടെയും പ്രരോദനത്തിന്റെയും 1000 കോപ്പികൾ വീതം അച്ചടിച്ചതിന് 78700/-രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം അധികം തുക നൽകിയതിന് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്. അല്ലാത്തപക്ഷം അധികം നൽകിയ തുക തിരിച്ചടയ്ക്കേണ്ടതാണ്.

## 3-5 വിവേകോദയം ത്രൈമാസികയുടെ പ്രസിദ്ധീകരണം ആരംഭിച്ചില്ല

സ്ഥാപനത്തിന്റെ മുഖപത്രമായി മൂന്നുമാസത്തിലൊരിക്കൽ പ്രസിദ്ധീകരിച്ചിരുന്ന വിവേകോദയത്തിന്റെ 2016 ഒക്ടോബർ വരെയുള്ള ലക്കങ്ങളാണ് അവസാനമായി പ്രസിദ്ധീകരിച്ചത്. തുടർന്നുള്ള ലക്കങ്ങൾ, മുടക്കമുള്ളത് ഉൾപ്പെടെ പ്രസിദ്ധീകരിക്കുന്നതിനായി 3-3-2019 ൽ ചേർന്ന ഭരണ സമിതി യോഗത്തിൽ പ്രതിമാസം 15000/-രൂപ അലവൻസ് നിരക്കിൽ ശ്രീ.പദ്മനാഭനെ എഡിറ്ററായി നിയമിക്കുകയും ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലെ പ്രതിഫലമായി യഥാക്രമം 15000/-രൂപ വീതം ആകെ 45000/-രൂപ (വൗച്ചർ നം. 102/16-4-19, വൗച്ചർ നം. 395/24-5-19, വൗച്ചർ നം. 555/26-6-19) പ്രതിഫലമായി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ മാസികാ പ്രസിദ്ധീകരണം നാളിതുവരെയായും ആരംഭിച്ചിട്ടില്ല. മാസികയുടെ പ്രസിദ്ധീകരണം ആരംഭിക്കാതെ എഡിറ്റർക്ക് പ്രതിഫലം നൽകിയത് ഉചിതമായ നടപടിയല്ല. Registrar of Indiaരേഖകളിലെ പഴയ എഡിറ്ററുടെ പേര് മാറ്റം വരുത്തിയതിന് ശേഷം മുടക്കമുള്ള ലക്കങ്ങൾ ഉൾപ്പെടെ പ്രസിദ്ധീകരിക്കുന്നതിനുള്ള തീരുമാനത്തിലാണെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (നം.1/15-10-2020) മറുപടി ലഭിച്ചത്. മാസിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. മാസികയുടെ പ്രസിദ്ധീകരണം ആരംഭിക്കാൻ കഴിയാത്തപക്ഷം, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന്, 45000/- രൂപ ഈടാക്കേണ്ടതാണ്.

## 3-6 ആശാൻ ഡോക്യുമെന്ററി നിർമാണം സാദ്ധ്യമായില്ല

മഹാകവി കുമാരനാശാന്റെ വിവിധ ജീവിതമുഹൂർത്തങ്ങളും സാമൂഹ്യപശ്ചാത്തലവും കോർത്തിണക്കിക്കൊണ്ട് അര – മുക്കാൽ മണിക്കൂർ ദൈർഘ്യമുള്ള ഒരു ഡോക്യുമെന്ററി നിർമിച്ച് സന്ദർശകർക്കായി പ്രദർശിപ്പിക്കുക എന്ന ഉദ്ദേശത്തോടെ ലക്ഷ്യമിട്ടുകൊണ്ട് ആശാൻ ഡോക്യുമെന്ററി നിർമാണം തീരുമാനിച്ചിരുന്നത്. ഭരണസമിതിയുടെ 8-5-19 ലെ 6 ാംനമ്പർ തീരുമാനപ്രകാരം ആശാൻ ഡോക്യുമെന്ററി നിർമാണത്തിനായി ശ്രീ.ഷാജി എൻ കരുണിനെ ഏൽപ്പിക്കാൻ തീരുമാനിക്കുകയും ഡോക്യുമെന്ററി നിർമാണവുമായി ബന്ധപ്പെട്ട പ്രാരംഭചർച്ചകൾ നടത്തുന്നതിനായി 3776/- രൂപ (വൗച്ചർ നം. 402/19-20 , തീയതി 26-5-19 ) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മറ്റ് തുടർപ്രവർത്തനങ്ങൾ ഒന്നും നടത്തിയിട്ടില്ല. സ്ക്രിപ്റ്റ് എഴുത്ത് പൂർത്തിയാക്കി കമ്മിറ്റി അംഗീകരിക്കുന്ന മുറയ്ക്ക് നിർമാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 കനകജൂബിലി മന്ദിരവും ദേശീയ പൈതൃകവും സ്ഥാപിക്കൽ - പ്രാരംഭനടപടികളിലെ വീഴ്ചകൾ

1. 2018-19 ലെ സംസ്ഥാന ബജറ്റിന്റെ മറുപടിപ്രസംഗത്തിൽ സ്ഥാപനത്തിൽ വിവിധോദ്ദേശ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനായി പത്ത് കോടി രൂപ പ്രഖ്യാപിച്ചിരുന്നു. നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ ആർകിടെക്ചറൽ ഡിസൈൻ, ഡ്രായിംഗ് എന്നിവ നടത്തിയതിന് 35000/-രൂപ ( ചെക്ക് നം. 229424/2-8-19 , വൗച്ചർ നം. 796 A ) Citizens Labour Forces Contract Society യ്ക്ക് നൽകിയിട്ടുണ്ട്. ഡിസൈൻ, ഡ്രായിംഗ് തയ്യാറാക്കിയതിന് മേൽ സ്ഥാപനത്തെ നേരിട്ട് തെരഞ്ഞെടുക്കുകയാണ് ചെയ്തത്. പ്രസ്തുത സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുമില്ല. നിയമങ്ങൾ പാലിക്കാൻ കഴിയാത്തതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം. 4/16-10-2020) മറുപടി ലഭിച്ചു. ഇത്തരത്തിലുള്ള അപാകതകൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. പ്രസ്തുത പദ്ധതിയുടെ പ്ലാൻ, എസ്റ്റിമേറ്റ്, ബിൽഡിംഗ് പെർമിറ്റ എന്നിവയ്ക്ക് അനുമതി ലഭ്യമാകുന്നതിനായി സ്ഥാപനം 15-12-2018 ൽ (190/2017/കാനിക് നം. കത്ത്) മംഗലപുരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയെങ്കിലും നാളിതുവരെയായും അനുമതി ലഭ്യമായിട്ടില്ല. അനുമതി ലഭ്യമാകുന്നതിലെ കാലതാമസത്തിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർദിഷ്ട കെട്ടിടം പണിയാൻ പോകുന്ന സ്ഥലത്തിന്റെ കരം അടച്ച

രസീതും ഉടമസ്ഥവകാശ സർട്ടിഫിക്കറ്റും ഹാജരാക്കിയാൽ മാത്രമേ ബിൽഡിംഗ് പെർമിറ്റിനുള്ള അപേക്ഷ പരിഗണിക്കാനാകു എന്ന് പഞ്ചായത്തിൽ നിന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ രേഖകൾ ലഭ്യമാക്കണമെന്ന് കാണിച്ച് വെയിലൂർ വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയെങ്കിലും റവന്യൂ രേഖകളിൽ പുറമ്പോക്കായാണ് ആശാൻ സ്മാരകത്തിന്റെ സ്ഥലം റിക്കാർഡ് ചെയ്തിരിക്കുന്നതിനാൽ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകാൻ കഴിയില്ലെന്ന് വില്ലേജിൽ നിന്നും അറിയിച്ചിരുന്നുവെന്നും മറുപടി ലഭിച്ചു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാറിൽ നിന്നും ഭരണാനുമതിയും ആദ്യഗഡുവായി രണ്ട് കോടി രൂപയും അനുവദിച്ച് കിട്ടിയിട്ടുണ്ട്. കെട്ടിടം പണിയാൻ പോകുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, ബിൽഡിംഗ് പെർമിറ്റ് എന്നിവ സ്ഥാപനം കരസ്ഥമാക്കിയില്ലായെങ്കിൽ കെട്ടിടനിർമാണം ആരംഭിക്കുന്നതിന് നിയമപരമായി തടസ്സം നേരിടും. ആയതിനാൽ പ്രസ്തുത സ്ഥലം സ്ഥാപനത്തിന്റെ അധീനതയിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് സർക്കാറിൽ ശ്രദ്ധ ചെലുത്തുന്നതിന് ഭരണസമിതിയുടെ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 3-8 ചെടിനഴ്സറികളുടെ മേൽനോട്ടച്ചുമതല പ്രത്യേക പ്രതിഫലം നൽകി ഭരണസമിതി അംഗത്തെ ഏൽപ്പിച്ചു

കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉടമസ്ഥതയിൽ ദേശീയ പാതയോരത്ത് പ്രവർത്തിക്കുന്ന പുഷ്പവാടി ചെടിനഴ്സറികളുടെ മേൽനോട്ട ചുമതല കമ്മിറ്റി അംഗമായ ശ്രീ. വിമൽകുമാറിനെ 25-08-2017 ൽ കൂടിയ 4ാം നമ്പർ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. നഴ്സറിയിലേക്കാവശ്യമായ പുഷ്പ, അലങ്കാര ഫലവൃക്ഷതൈകളുടെയും മറ്റും വാങ്ങൽ, പുതിയ ചെടികളും മറ്റും നട്ടുപിടിപ്പിക്കൽ, ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ് എന്നിവയുടെ മേൽനോട്ടം തുടങ്ങി നഴ്സറിയുടെ മുഴുവൻ മേൽനോട്ടവും ചെടി നഴ്സറിയുടെ പ്രവർത്തന മേൽനോട്ടത്തിനെത്തുന്ന ദിവസം റ്റി.എ, ഡി.എ. ഇനത്തിൽ പ്രതിദിനം 200/- രൂപ നിരക്കിൽ പ്രതിമാസം പരമാവധി 8000/-രൂപ നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. 2019-20 സാമ്പത്തിക വർഷത്തിൽ പ്രതിഫലമിനത്തിൽ ശ്രീ. വിമൽകുമാറിന് 88,000/-രൂപ നൽകിയിട്ടുണ്ട്. ഗാർഡൻ വർക്കർ തസ്തികയിൽ ഒരു ജീവനക്കാരനും ഗാർഡൻ ഹെൽപ്പർ തസ്തികയിൽ നാല് ജീവനക്കാരും നിലവിലുള്ളപ്പോഴാണ് ടിയാൾക്ക് നഴ്സറിയുടെ മേൽനോട്ടച്ചുമതല നൽകിയിട്ടുള്ളത്. G.O.(M.S) No.204/66/Edn തീയതി 30.04.1966-ാംനമ്പർ ഉത്തരവിലെ സെക്ഷൻ 6 (iii) ൽ സർക്കാർ അംഗീകൃത തസ്തികകളിലാണ് ഭരണസമിതിയ്ക്ക് നിയമനം നടത്താമെന്നുള്ള വ്യവസ്ഥ ചെയ്തിട്ടുള്ളത്. മേൽ നിയമനത്തിന് സർക്കാർ അംഗീകാരമോ സാധൂകരണമോ ലഭ്യമാക്കിയിട്ടില്ല. സർക്കാർ സാധൂകരണം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല.

2019-20 വർഷത്തിൽ നടത്തിയ ചുവടെപ്പറയുന്ന വാങ്ങലുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | വാങ്ങിയ സാധന സാമഗ്രികൾ (തുക) | വൗച്ചർ നമ്പർ തീയതി |
|---|---|---|
| 1 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ (71828) | 423/19-20 തീയതി 30-05-19 |
| | | 625/19-20 തീയതി 04-07-19 |
| | | 857/19-20 തീയതി 19-08-19 |
| | | 1127/19-20തീയതി 15-10-19 |
| 2 | എൽ.ഇ.ഡി ബോർഡ് സ്ഥാപിക്കൽ (20600) | 1235/19-20 തീയതി 14-11-19 |
| | | 1239/19-20 തീയതി 15-11-19 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 03/15-10-2020) മേൽ പരാമർശിച്ചവ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്താൻ വിട്ടുപോയത് ആണെന്നും വരും വർഷങ്ങളിൽ മേൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും സ്ഥാപനം വിശദീകരിക്കുന്നു. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 148 അനുശാസിക്കും പ്രകാരം വരും വർഷങ്ങളിൽ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതും കൃത്യമായി മേൽ പരിശോധന നടത്തേണ്ടതുമാണ്.

### 3-10 സ്റ്റാഫ് പാറ്റേണിന് അംഗീകാരം നേടിയില്ല.

ആശാൻ സ്മാരകത്തിൽ നിലവിൽ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ ആകെ 15 ജീവനക്കാരാണ് ജോലിചെയ്തുവരുന്നത്. നിയമനത്തിന് പ്രത്യേക മാനദണ്ഡങ്ങളൊന്നും പാലിക്കുന്നില്ല. സ്ഥാപനത്തിന് നാളിതുവരെ സർക്കാരിൽ നിന്നും സ്റ്റാഫ് പാറ്റേണും സ്പെഷ്യൽ റൂളും അംഗീകരിച്ച് ലഭ്യമായിട്ടില്ല. ആയതിന് അടിയന്തിര തുടർനടപടി സ്വീകരിക്കേണ്ടതാണ്.

### 3-11 ഓണം അഡ്വാൻസ് കൈപ്പറ്റിയത് - മുഴുവൻ തുകയും തിരിച്ചടച്ചില്ല

ശ്രീ ബി. സലിൻകുമാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്ക് 2019 ആഗസ്റ്റ് മാസത്തിൽ ഫെസ്റ്റിവൽ അലവൻസായി 15000/- രൂപ (വൗച്ചർ നം. 920/19-20, തീയതി 2-9-2019നൽകിയിരുന്നു. എന്നാൽ 9000/- രൂപ മാത്രമേ ജീവനക്കാരൻ തിരിച്ചടച്ചിട്ടുള്ളൂ. ബാക്കി തുകയായ 6000/-രൂപ നാളിതുവരെയായും തിരിച്ചടച്ചിട്ടില്ല. തുക തിരികെ പിഴപ്പലിശ സഹിതം ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 79,94,614 |
| വരവ് | (*) 49,01,857 |
| ആകെ | (*) 128,96,471 |
| ചെലവ് | (*) 100,18,315 |
| നീക്കിയിരിപ്പ് | 28,78,156 |

(*) വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷ വരവ്, ആകെ വരവ്, ചെലവ് എന്നിവ യഥാക്രമം 4900857/-, 1289571/-, 10017315/- രൂപ എന്നിങ്ങനെയാണ്. സിറ്റിംഗ് ഫീസിനത്തിൽ പിൻവലിച്ച 2000/- രൂപയിൽ 1000/- രൂപ മാത്രമേ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. ആയതിനാൽ 1000/- രൂപ കൂടി വരവു ചെലവുകളിൽ രേഖപ്പെടുത്തേണ്ടിയിരിക്കുന്നു.

| നീക്കിയിരിപ്പിന്റെ വിശദാംശം | |
|---|---|
| ജില്ല ട്രഷറി പി.ഡി അക്കൗണ്ട് നമ്പർ<br>799011400000069 | 16,99,617 |

| | |
|---|---|
| ജില്ല ട്രഷറി പി.ഡി അക്കൗണ്ട് നമ്പർ<br><br>799011400000300 | 10,00,000 |
| തോന്നയ്ക്കൽ അഗ്രി.ക്രെഡിറ്റ് സഹകരണ സംഘം | 1,68,139 |
| ജില്ല സഹകരണ ബാങ്ക് മംഗലപുരം ശാഖ<br><br>(020641200400001) | 5,863 |
| ജില്ല സഹകരണ ബാങ്ക്മംഗലപുരം ശാഖ<br><br>(020641200430945) | 4,626 |
| (ഒടുക്കിയതിൽ കറവ് 14-04-2018) | 1 |
| റൊക്കം പണത്തിൽ അധികം (29.11.2018) | -90 |
| ആകെ | 28,78,156 |

## 4-2 ഓഡിറ്റ് ചാർജ്

| | | | |
|---|---|---|---|
| 2019-20ലെ ആകെ വരവ് | : | | 49,01,857 |
| (കുറയ്ക്കുക)<br>1) ഗവൺമെന്റ് ഗ്രാന്റ് നോൺ പ്ലാൻ (മെയിന്റനൻസ്)<br><br>ഗ്രാന്റായി ലഭിച്ച 25,00,000/-രൂപയിൽ 17,35,610/-രൂപ ഗവൺമെന്റ് തിരിച്ചു പിടിച്ചതിനാൽ ബാക്കിതുകയായ 764390/- രൂപ ഗ്രാന്റ് വരവായി കണക്കാക്കുന്നു. | : | 7,64,390 | |
| 2) ലൈബ്രറി കൗൺസിൽ ഗ്രാന്റ് | : | 75,350 | |
| 3) സെക്രട്ടറി മുൻകൂർ | : | 823 | |
| 4) ആദായ നികുതി | : | 3,032 | |
| 5) ശമ്പള മുൻകൂർ | : | 2,98,300 | |
| 6) ഓണം അഡ്വാൻസ് | : | 1,37,500 | |
| 7) കഫറ്റേരിയ അഡ്വാൻസ് | : | 6,723 | |
| 8) സിറ്റിംഗ് ഫീസ് | | 1000 | |
| ആകെ | : | 12,87,118 | 12,87,118 |
| ഓഡിറ്റ് ചാർജ്ജ് കണക്കാക്കുന്ന വരവ് | : | | 36,14,739 |
| ഓഡിറ്റ് ചാർജ്ജ് 1% നിരക്കിൽ | : | | 36,147 |

2018-19 വർഷത്തെ ഓഡിറ്റ് ചാർജ് തുകയായ 16,383/- രൂപ 09.01.2020-ൽ കഴക്കൂട്ടം സബ് ട്രഷറിയിൽ ഒടുക്കവരുത്തിയിട്ടുണ്ട്. 2019-20 വർഷത്തെ ഓഡിറ്റ് ചാർജ്ജ് 36147/- രൂപ "0070-60-110-99-ഓഡിറ്റ് ചാർജ്ജ്" എന്ന ഹെഡിൽ ട്രഷറിയിൽ ഒടുക്കി അസൽ ചെലാൻ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് അയച്ചു കൊടുക്കുകയും വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

## 4-3 റിവോൾവിംഗ് ഫണ്ട്

<u>തോന്നയ്ക്കൽ കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചറിന്റെ 2019-20 വർഷത്തെ റിവോൾവിംഗ് ഫണ്ടിന്റെ വിശദാംശം</u>

(പി.ഡി അക്കൗണ്ട് നമ്പർ 799011700000846 )

മുന്നിരിപ്പ് – 9980/-

വരവ് – ഇല്ല

ആകെ – 9980/-

ചെലവ് – 9980 (06.11.2019-ൽ സർക്കാരിലേക്ക് ഒടുക്കു വരുത്തിയിട്ടുണ്ട്).

നീക്കിയിരിപ്പ് – ഇല്ല

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.റ്റി.വി.എം/മിസ്.1/1101/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം-695001.
Phone No: 0471-2331231
Email: lfadtvm@yahoo.in

തീയതി: 16.11.2020

തോന്നയ്ക്കൽ കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ തിരുവനന്തപുരത്തിന്റെ 2019-20 വർഷത്തെ വരവ് ചെലവ് കണക്കുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ആയതിലേക്ക് ആവശ്യമായ വിവരങ്ങളും വിശദീകരണങ്ങളും ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് നിരീക്ഷണത്തിന് വിധേയമായും ഓഡിറ്റ് വേളയിൽ വിശദീകരിക്കപ്പെട്ട പ്രകാരവും, എന്റെ അഭിപ്രായത്തിൽ തോന്നയ്ക്കൽ കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചറിന്

അനുവദിക്കപ്പെട്ട ധനസഹായം വ്യവസ്ഥ പ്രകാരം തന്നെയാണ് ചെലവ് ചെയ്തിട്ടുള്ളതെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

PR 17.11.2020

## അനുബന്ധം -2

## വരവ് ചെലവ് പത്രിക

കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ- 2019-20 വർഷത്തെ വരവ് ചെലവ് പത്രിക.

| വരവ് | തുക | ചെലവ് | തുക |
|---|---|---|---|
| മുന്നിരിപ്പ് | 79,94,614 | ആശാൻ ഭവന സംരക്ഷണം | 23,170 |
| പുസ്തക വിൽപ്പന | 2,73,089 | ആശാൻ ജന്മ വാർഷികം | 3,85,264 |
| ഗേറ്റ് കൂപ്പൺ | 4,13,280 | ആശാൻ അനുസ്മരണം | 1,17,221 |
| വീഡിയോ സ്റ്റിൽ ഫോട്ടോഗ്രഫി | 92,200 | ശമ്പള അഡ്വാൻസ് | 2,84,298 |
| ചെടി വിൽപ്പന | 6,59,829 | ശമ്പളം | 2,581,090 |
| ലൈബ്രറി വരവ് | 18,234 | യാത്രബത്ത | 7,816 |
| ചിത്രരചനാ പഠനം | 24,500 | തപാൽ | 3,833 |
| സംഗീത പഠനം | 7,400 | പ്രിന്റിംഗ്, സ്റ്റേഷനറി | 25,907 |
| ഹാൾ വാടക | 13,500 | കറന്റ് ചാർജ്ജസ് | 76,738 |
| വസ്തുവിൽ നിന്നുള്ള ആദായം | 36,000 | ടെലഫോൺ ചാർജ്ജസ് | 20,442 |
| വിവേകോദയം വരി | 470 | അതിഥി സൽക്കാരം | 22,508 |
| ശമ്പള അഡ്വാൻസ് | 2,98,300 | അവധിക്കാല പഠനോത്സവം | 1,000 |
| സംഭാവന | 43,360 | പുസ്തകവില (പ്രസാധകർക്ക്) | 72,217 |
| വിദ്യാരംഭം | 2,20,300 | പുസ്തക വില (എൻ.ബി.എസ്സ്) | 7,150 |
| ഗുരു ദക്ഷിണ | 42,500 | സംഗീത പഠനം | 39,000 |
| കാണിക്ക | 4,262 | ചിത്ര കല പഠനം | 39,000 |
| സെക്രട്ടറി അഡ്വാൻസ് | 823 | വാഹന ചെലവ് | 2,50,871 |
| കഫറ്റേറിയ | 6,723 | ലൈബ്രറി | 3,09,631 |
| പലിശ | 30,186 | ചെടി നഴ്സറി | 4,47,438 |
| ആദായ നികുതി | 3,032 | കുമാരകവി പുരസ്കാരം | 36,200 |
| ഓണം അഡ്വാൻസ് | 1,37,500 | കാവ്യ ശിൽപ്പ നിർമ്മാണം | 17,64,538 |

| | | | |
|---|---|---|---|
| ബാങ്ക് ചാർജ്ജ് | 19 | വായന വാരാചരണം | 500 |
| സിറ്റിംഗ് ഫീ (അക്കൗണ്ടന്റിൽ നിന്നുള്ള വരവ്) | (*) 1,000 | സിറ്റിംഗ് ഫീ (അക്കൗണ്ടന്റ് ചെലവഴിച്ചത്) | (*) 1,000 |
| ലൈബ്രറി കൗൺസിലിൽ നിന്നുള്ള ധനസഹായം | 75,350 | ലോക്കർ വാടക | 1,770 |
| | | ആശാൻ കൃതികളുടെ അച്ചടി | 78,700 |
| ഗവൺമെന്റ് ധനസഹായം<br>നോൺ പ്ലാൻ ഗ്രാന്റ്<br>(മെയിന്റനൻസ്) | 25,00,000 | വിദ്യാരംഭം | 2,00,782 |
| | | ബാങ്ക് ചാർജ്ജ് | 211 |
| | | സെക്രട്ടറി അഡ്വാൻസ് | 823 |
| | | ചെയർമാൻ ഓണറേറിയം | 2,00,000 |
| | | സെക്രട്ടറി ശമ്പളം | 3,04,000 |
| | | ദേശീയ സാംസ്കാരികോത്സവം<br>2018-19 | 20,000 |
| | | ശിവഗിരി തീർത്ഥാടകർക്ക് സൗകര്യം | 23,982 |
| | | ആശാൻ ഡോക്യുമെന്ററി | 3,776 |
| | | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, സർവ്വീസിംഗ് | 71,828 |
| | | വീണപൂവ് ശതാബ്ദി പുരസ്കാരം | 20,950 |
| | | കെട്ടിട നികുതി | 1,040 |
| | | ഭരണ സമിതി അംഗത്തിന് അലവൻസ് | 88,000 |
| | | സിറ്റിംഗ് ഫീസ് | 49,000 |
| | | വസ്തു സംരക്ഷണം | 1,93,650 |
| | | പുൽതകിടി സംരക്ഷണം | 3,932 |
| | | കഫറ്റേറിയ | 930 |
| | | പ്രതിമാസ പരിപാടി | 64,884 |
| | | ഇന്റേർണൽ ഓഡിറ്റ് ചാർജ്ജ് | 8,000 |
| | | ഹൗസ് കീപ്പിംഗ് | 25,343 |
| | | മരാമത്ത് | 16,760 |
| | | കൈയ്യെഴുത്ത് പ്രതികളുടെ കൈമാറ്റം | 38,683 |
| | | ചെറുകഥ ക്യാമ്പ് ധനസഹായം | 90,000 |
| | | സാംസ്കാരിക സമുച്ചയ നിർമ്മാണം എസ്റ്റിമേറ്റ്, പ്ലാൻ തയ്യാറാക്കൽ | 35,000 |
| | | LED ബോർഡ് സ്ഥാപിക്കൽ | 20,600 |
| | | ചികിത്സാ സഹായം | 18,000 |
| | | വിവേകോദയം എഡിറ്റർ പ്രതിഫലം | 45,000 |
| | | ഓഡിറ്റ് അഡ്വാൻസ് | 1,06,000 |
| | | പലവക | 29,757 |
| | | ആദായ നികുതി | 2,672 |
| | | ആദായ നികുതി റിട്ടേൺ ഫയലിംഗ് | 1,800 |
| | | ഗ്രാന്റ് - ഗവൺമെന്റ് ഫണ്ടിലേക്ക് തിരിച്ച് പിടിച്ചത് | 17,35,610 |

| | | | |
|---|---|---|---|
| | | നീക്കിയിരിപ്പ് | 28,78,156 |
| ആകെ | 1,28,95,471 | | 1,28,95,471 |

* വൗച്ചർ നമ്പർ 959/19-20 പ്രകാരം 2000/- രൂപ ബാങ്കിൽ നിന്നും ചെലവഴിച്ചു. അതിൽ 1000/- രൂപയുടെ വരവ് ചെലവ് മാത്രമേ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയുള്ളൂ. ബാക്കിയുള്ള 1000/- രൂപ അക്കൗണ്ടന്റ് ചെലവഴിച്ചത് ക്യാഷ് ബുക്കിൽ അക്കൗണ്ട് ചെയ്യപ്പെട്ടില്ല.

തീയതി: 16.11.2020

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.